ഖുത്ബ
13.8.2004
ബയ്ത്തുൽ ഫുത്തൂഹ്
ലണ്ടൻ.

بسم الله الرحمن الرحيم

# കടമുള്ളവൻ എത്രയും വേഗം അതു വീട്ടുക. നബി(സ) കടമുള്ളവന്റെ ജനാസ നമസ്കരിച്ചിരുന്നില്ല.

يَا أَيُّهَا الَّذِينَ آمَنُوا إِذَا تَدَايَنتُم بِدَيْنٍ إِلَىٰ أَجَلٍ
مُّسَمًّى فَاكْتُبُوهُ ۚ وَلْيَكْتُب بَّيْنَكُمْ كَاتِبٌ بِالْعَدْلِ ۚ وَ
لَا يَأْبَ كَاتِبٌ أَن يَكْتُبَ كَمَا عَلَّمَهُ اللَّهُ ۚ فَلْيَكْتُبْ
وَلْيُمْلِلِ الَّذِي عَلَيْهِ الْحَقُّ وَلْيَتَّقِ اللَّهَ رَبَّهُ وَلَا
يَبْخَسْ مِنْهُ شَيْئًا ۚ فَإِن كَانَ الَّذِي عَلَيْهِ الْحَقُّ سَفِيهًا
أَوْ ضَعِيفًا أَوْ لَا يَسْتَطِيعُ أَن يُمِلَّ هُوَ فَلْيُمْلِلْ
وَلِيُّهُ بِالْعَدْلِ ۚ وَاسْتَشْهِدُوا شَهِيدَيْنِ مِن رِّجَالِكُمْ ۖ
فَإِن لَّمْ يَكُونَا رَجُلَيْنِ فَرَجُلٌ وَامْرَأَتَانِ مِمَّن تَرْضَوْنَ
مِنَ الشُّهَدَاءِ أَن تَضِلَّ إِحْدَاهُمَا فَتُذَكِّرَ إِحْدَاهُمَا
الْأُخْرَىٰ ۚ وَلَا يَأْبَ الشُّهَدَاءُ إِذَا مَا دُعُوا ۚ وَلَا تَسْأَمُوا
أَن تَكْتُبُوهُ صَغِيرًا أَوْ كَبِيرًا إِلَىٰ أَجَلِهِ ۚ ذَٰلِكُمْ أَقْسَطُ
عِندَ اللَّهِ وَأَقْوَمُ لِلشَّهَادَةِ وَأَدْنَىٰ أَلَّا تَرْتَابُوا ۖ إِلَّا أَن
تَكُونَ تِجَارَةً حَاضِرَةً تُدِيرُونَهَا بَيْنَكُمْ فَلَيْسَ عَلَيْكُمْ
جُنَاحٌ أَلَّا تَكْتُبُوهَا ۗ وَأَشْهِدُوا إِذَا تَبَايَعْتُمْ ۚ وَلَا
يُضَارَّ كَاتِبٌ وَلَا شَهِيدٌ ۚ وَإِن تَفْعَلُوا فَإِنَّهُ فُسُوقٌ
بِكُمْ ۗ وَاتَّقُوا اللَّهَ ۖ وَيُعَلِّمُكُمُ اللَّهُ ۗ وَاللَّهُ بِكُلِّ شَيْءٍ
عَلِيمٌ (2:283)

നമ്മുടെ സാംസ്കാരികവും സാമൂഹികവുമായ ജീവിതത്തിന്റെ ഒരു പ്രധാന ഘടകമാണ് പരസ്പരമുള്ള കൊടുക്കൽ വാങ്ങൽ. മനുഷ്യന് തന്റെ ആവശ്യം നിറവേറ്റുന്നതിനുവേണ്ടി പരസ്പരമുള്ള സഹായം വേണ്ടതായിവരുന്നു. എന്നാൽ ഈ കൊടുക്കൽ വാങ്ങൽ കടം എന്ന രൂപത്തിലാകുമ്പോൾ അറ്റമില്ലാത്ത സാമൂഹിക പ്രശ്നങ്ങൾ അതുണ്ടാക്കിത്തീർക്കുന്നു. സഹോദരന്മാർ തമ്മിൽ വിദ്വേഷമുണ്ടാകുന്നു. സുഹൃത്തുക്കൾ തമ്മിൽ വഴക്കും ലഹളയും ഉണ്ടാകുന്നു. തൊഴിൽ ശാലകളിൽ നിന്നും ബാങ്കുകളിൽ നിന്നും വൻതോതിൽ കടമെടുക്കുമ്പോൾ ചിലപ്പോൾ എല്ലാം നശിപ്പിക്കേണ്ടി വരികയും അപമാനവും അപഖ്യാതിയും സഹിക്കേണ്ടിവരികയും ചെയ്യുന്നു. ഒരു സത്യവിശ്വാസി, അല്ലാഹുവിന്റെ ദാസനാണെന്ന് വാദമുള്ള ഒരാൾ സമൂഹത്തിലെ ഈ തിന്മയിൽനിന്ന് രക്ഷപ്പെടണമെന്ന് അല്ലാഹു നിർദ്ദേശിച്ചിരിക്കുന്നു. ഈ വഴക്കുകളിൽനിന്നും ലഹളകളിൽനിന്നും അപമാനങ്ങളിൽനിന്നും അപഖ്യാതികളിൽനിന്നും രക്ഷപ്പെടാനുള്ള വഴിയും അവൻ പറഞ്ഞുതന്നിരിക്കുന്നു. കടം കൊടുക്കുന്നയാൾ കടം കൊടുത്തശേഷം എങ്ങനെയാണ് തിരിച്ചുവാങ്ങേണ്ടതെന്നും കടം വാങ്ങുന്നയാൾ എങ്ങനെയാണ് കടം വീട്ടിക്കൊണ്ട് സമൂഹത്തിൽ തന്റെ സ്ഥാനം ഉണ്ടാക്കേണ്ടതെന്നും അല്ലെങ്കിൽ ഉയർത്തേണ്ടതെന്നും ഇസ്ലാം പഠിപ്പിച്ചിരിക്കുന്നു.

വിശുദ്ധ ഖുർആനിൽ വളരെ ആഴത്തിൽച്ചെന്ന് മനുഷ്യന്റെ വികാരങ്ങളെ പരിഗണിച്ചുകൊണ്ട് കടം രൂപത്തിലുള്ള കൊടുക്കൽ വാങ്ങലുകളുടെ കണക്കുകൾ എങ്ങനെ തയ്യാറാക്കിവയ്ക്കണമെന്ന രീതി പഠിപ്പിച്ചിരിക്കുന്നു. സദുദ്ദേശ്യത്തോടെയാണെങ്കിൽ ഇരുകക്ഷികൾക്കും ഒരു വിധത്തിലുള്ള വിഷമങ്ങളും അതു മുഖേന ഉണ്ടാകുകയില്ല. അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا إِذَا تَدَايَنتُم بِدَيْنٍ إِلَىٰ أَجَلٍ
مُّسَمًّى فَاكْتُبُوهُ

“വിശ്വസിച്ചവരെ, നിങ്ങൾ ഒരു നിശ്ചിത അവധി നിർണയിച്ചുകൊണ്ട് പരസ്പരം കടമിടപാട് ചെയ്യുന്നതായാൽ അത് നിങ്ങൾ എഴുതി രേഖപ്പെടുത്തുക.”

നോക്കുക, എത്ര മനോഹരമായ കല്പനയാണ്. ചിലയാളുകൾ, ഞങ്ങൾക്കു വലിയ വിശ്വാസമാണ്, എഴുതേണ്ട ആവശ്യമെന്താണ്, ഞങ്ങൾ സഹോദരന്മാരെപ്പോലെയാണ്, എഴുതുന്നതിന്റെ ഫലമായി പരസ്പരമുള്ള വിശ്വാസം നഷ്ടപ്പെടുന്നു, അങ്ങനെ ഞങ്ങൾ തമ്മിൽ അകൽച്ചയുണ്ടാകും, വെറുപ്പ് വർധിക്കും, പരസ്പരമുള്ള ബന്ധവും മോശമാകും എന്നൊക്കെ പറയാറുണ്ട്. എന്നാൽ ഓർമിക്കുക. ബന്ധം മോശമാകുന്നെങ്കിൽ, അത് വിശുദ്ധ ഖുർആന്റെ കല്പനയ്ക്ക് വിരുദ്ധം പ്രവർത്തിക്കുമ്പോഴായിരിക്കും ഉണ്ടാകുക. അല്ലാതെ വിശുദ്ധ ഖുർആന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നതുകൊ

ണ്ടല്ല. ചെറിയ കടമാണ്, അതെന്തെഴുതാനാണെന്ന് ചിലപ്പോൾ ചിലർ ചോദിക്കാറുണ്ട്. ഇത്ര ചെറിയ തുകയെക്കുറിച്ചെഴുതാൻ നാണമാകുന്നു എന്നു പറയാറുണ്ട്. കാരണം അവരുമായിട്ട് അത്രമാത്രം അടുത്ത ബന്ധമാണുള്ളത്. അപ്പോൾ എങ്ങനെ ഈ നിസ്സാര തുകയെപ്പറ്റി എഴുതിവാങ്ങും. അല്ലെങ്കിൽ ഉപയോഗിക്കാൻവേണ്ടി എന്തെങ്കിലും സാധനം വാങ്ങി, അതിനെക്കുറിച്ച് എങ്ങനെ എഴുതി വാങ്ങാനാണ്. വിവാഹം തുടങ്ങിയ സന്ദർഭങ്ങളിൽ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും സാധനങ്ങൾ വാങ്ങി ഉപയോഗിക്കാറുണ്ട്. അതും ഈ ഗണത്തിൽപ്പെടും. അതും രേഖപ്പെടുത്തേണ്ടതാണ്. അതിലും ചിലപ്പോൾ തെറ്റുധാരണകളുണ്ടാകാനിടയുണ്ട്. സംസാരത്തിലുള്ള തെറ്റായ ധാരണകളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയുള്ള നല്ലമാർഗ്ഗമാണ് ചെറുതായിട്ട് എഴുതിവാങ്ങുക എന്നത്. കൊടുക്കൽ വാങ്ങൽ ചെറുതാണെങ്കിലും വലുതാണെങ്കിലും ഈ വഴക്കുകളിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ അതു എഴുതിവയ്ക്കുക എന്നതാണ് അല്ലാഹുവിന്റെ കല്പന.

وَلَا تَسْأَمُوا أَنْ تَكْتُبُوهُ صَغِيرًا أَوْ كَبِيرًا إِلَىٰ أَجَلِهِ

ഇടപാട് ചെറുതായാലും വലുതായാലും അതിന്റെ അവധി നിർണയിച്ചുകൊണ്ട് അത് എഴുതിവയ്ക്കുക. ഇതിൽ ഉദാസീനത കാണിക്കരുത്. ഇതൊരു നിസ്സാരകാര്യമായി കാണരുത്. ഉദാസീനത കാണിക്കുക എന്നതിന്റെ അർത്ഥം ശയ്ത്വാൻ ഏതെങ്കിലും സമയത്ത് നിങ്ങളുടെ ഉള്ളിൽ തെറ്റുധാരണകൾ ഉണ്ടാക്കുമെന്നാണ്. അങ്ങനെ വരുമ്പോൾ നിങ്ങൾ സന്തോഷത്തോടെ ഇപ്പോൾ ചെയ്യുന്ന ഈ പ്രവൃത്തി തന്നെ,- സന്തോഷം അവിടെ ഒരുഭാഗത്ത് നിൽക്കട്ടെ - നിങ്ങൾക്ക് ചെറിയ സൽസ്വഭാവം പോലും കാണിക്കാനൊക്കാത്ത ഒരു സ്ഥിതിവിശേഷത്തിൽ നിങ്ങളെ കൊണ്ടെത്തിക്കുന്നതാണ്. പ്രവർത്തനത്തിൽ സാധാരണ കണ്ടുവരുന്നതാണിത്. ഞാൻ സങ്കൽപിച്ചു പറയുന്ന കാര്യമല്ല. ഇത്തരം കാര്യങ്ങൾ ഇവിടെ വരാറുണ്ട്. പലപ്രാവശ്യവും ഇത്തരം കൊടുക്കൽ വാങ്ങലുകളെ സംബന്ധിച്ചുള്ള പരാതികൾ ഖല്വായിലും, ഉമൂറെ ആമയിലും, ജമാഅത്തിലും, കോടതികളിലുമെല്ലാം വരുന്നുണ്ട്. ഒരിക്കൽ ഒരു പാത്രത്തിൽ തിന്നവരും കുടിച്ചവരും, കൂടിയിരുന്നവരും, സുദൃഢമായ സുഹൃത്ബന്ധം ഉണ്ടായിരുന്നവരും പിന്നീട് പ്രാണശത്രുക്കളായിത്തീരുന്നു. ഒരാൾ മറ്റൊരാൾക്കെതിരിൽ കള്ളസാക്ഷ്യം പറയാൻ ആളെ അന്വേഷിച്ചു നടക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ കല്പനയനുസരിച്ച് നടക്കാത്തതിന്റെ ഫലമാണ്. തന്റെ സൃഷ്ടികളുടെ ബുദ്ധിയെക്കുറിച്ച് അറിയുന്ന അല്ലാഹു അത്തരം കൊടുക്കൽ വാങ്ങൽ എഴുതിരേഖപ്പെടുത്തേണ്ടരീതിയും പറഞ്ഞുതന്നിരിക്കുന്നു. എങ്ങനെ എഴുതണം? ആരെഴുതണം?. എഴുതിരേഖപ്പെടുത്തേണ്ട ഉത്തരവാദിത്വം കടം വാങ്ങുന്നവരെ ഏല്പിച്ചിരിക്കുന്നു. അവൻ പറയുന്നു:

وَلْيُمْلِلِ الَّذِي عَلَيْهِ الْحَقُّ وَلْيَتَّقِ اللَّهَ رَبَّهُ وَلَا
يَبْخَسْ مِنْهُ شَيْئًا

അതിനാൽ അയാൾ എഴുതേണ്ടതുതന്നെയാണ്. കടബാധ്യതയുള്ളവൻ എഴുതാൻ വാചകം പറഞ്ഞുകൊടുക്കേണ്ടതാണ്. അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളട്ടെ. അതിൽ (ഇടപാട് സംഖ്യയിൽ) നിന്ന് ഒന്നും തന്നെ അവൻ കുറവ് വരുത്തരുത്.

കടബാധ്യതയുള്ളവൻ എഴുതിക്കണം എന്നു പറയാൻ പല കാരണങ്ങളുമുണ്ട്. ഉദാഹരണത്തിന്, കടബാധ്യതയുള്ളവൻ ഇത്രകടം ഞാൻ വാങ്ങിയിട്ടുണ്ട് എന്ന് സ്വയം വിശദീകരിക്കേണ്ടതാണ്. ഈ കടം എഴുതിതയ്യാറാക്കുമ്പോൾ അതു വീട്ടുന്നതിനുള്ള നിബന്ധനകളും കടം വാങ്ങിയ ആൾ പറയുന്നതുപോലെ എഴുതേണ്ടതാണ്. ഉദാഹരണത്തിന്, ഗഡുക്കളായിട്ടാണ് കടം വീട്ടാൻ ഉദ്ദേശിക്കുന്നതെങ്കിൽ, ഇത്ര ഗഡുക്കളായി അടച്ചുതീർക്കണമെന്ന് എഴുതണം. ഇത്രനാൾ കൊണ്ട് കടം വീട്ടുന്നതാണെന്ന് വ്യക്തമായി എഴുതിയിരിക്കണം. എന്റെ മേൽ അക്രമം കാണിച്ചിരിക്കുന്നുവെന്ന് കടം വാങ്ങിയവൻ നാളെ പറയാനുള്ള അവസരം ഉണ്ടാകാൻ പാടില്ല. ഉടമ്പടിയിൽ മനപൂർവം ചിലകാര്യങ്ങൾ വളച്ചൊടിച്ച് തന്നെ പറ്റിക്കാൻ എഴുതിയതാണെന്ന് പറയാനുള്ള സന്ദർഭവും കടം വാങ്ങിയവന് ഉണ്ടാകരുത്. ഇത്തരം വിഷമങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി കടം വാങ്ങിയവൻതന്നെ വാക്കുകൾ പറഞ്ഞുകൊടുക്കണം. ഇത് നിങ്ങൾക്ക് ഇസ്‌ലാമികാധ്യാപനങ്ങളിൽ, ഇസ്‌ലാമിക സമൂഹത്തിൽ മാത്രമെ കാണാൻ കഴിയുകയുള്ളൂ. കടം കൊടുക്കുന്നവൻ പ്രതിഫലത്തിന് അർഹനാണ്. കടം കൊടുക്കുന്ന സമയത്ത് അനായാസകരമായ നിബന്ധനകൾ സ്വീകരിക്കുകയാണെങ്കിൽ അവന് പ്രതിഫലം ലഭിക്കുന്നതാണ്. കടം കൊടുക്കുന്നവൻ തന്റെ നിബന്ധനകൾ അടിച്ചേല്പിക്കുക എന്നതാണ് ഇന്ന് ലോകത്ത് പൊതുവെ നിലനില്ക്കുന്നത്. ഇസ്‌ലാമിക അധ്യാപനമനുസരിച്ച് കടം വാങ്ങുന്നവൻ തന്റെ നിബന്ധനകൾ അനുസരിച്ച് കടം വാങ്ങുന്നു. കടം കൊടുക്കുന്നവനോട് ആ നിബന്ധനകൾ അംഗീകരിക്കാൻ കല്പിക്കുകയും അതിൽ വലിയ പ്രതിഫലമുണ്ടെന്നും പറയുകയും ചെയ്തു. ഇതു സംബന്ധമായി ഹദീസുകളിൽ വന്നിട്ടുള്ള ചിലത് പിന്നീട് ഞാൻ പറയുന്നതാണ്. കടം വാങ്ങുന്നവൻ തന്റെ നിബന്ധനയനുസരിച്ച് കടം വാങ്ങുമ്പോൾ അത് പാലിക്കേണ്ടതാണ്. തന്നോട് അക്രമം ചെയ്തു എന്ന പരാതി പിന്നീടയാൾക്ക് ഉണ്ടാകാൻ പാടില്ല. കടം കൊടുക്കുന്നവനെതിരിൽ ഒരു തരത്തിലുള്ള പരാതിയും ഉണ്ടാകരുത്. ഇസ്‌ലാമിക സാമൂഹിക ജീവിതത്തിന്റെ ഭംഗി ഇതാണ്. ആവശ്യക്കാ

രൻ ആവശ്യം പൂർത്തീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിരിക്കുന്നു. ഇനി രണ്ടു പേർക്കും എഴുതാനറിയില്ലെങ്കിൽ, തങ്ങളറിയുന്നവരിൽ നിന്നോ ബന്ധുക്കളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ എഴുതാനറിയുന്ന ആരെയെങ്കിലും അന്വേഷിച്ച് കണ്ടെത്തുക. അവരെക്കൊണ്ട് ഉടമ്പടി എഴുതിക്കുക. ഇതിന് എത്രമാത്രം പ്രാധാന്യമാണ് നല്കിയിട്ടുള്ളതെന്നാൽ, നീതിപൂർവം എഴുതാനും കുടുംബബന്ധമോ സുഹൃത്ബന്ധമോ ഒരു കക്ഷിയെ അനുവദനീയമല്ലാത്ത രീതിയിൽ സഹായിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാത്തവിധത്തിൽ എഴുതാനും എഴുത്തുകാരനോടും പറഞ്ഞു. അല്ലാഹുതആല നല്കിയിട്ടുള്ള അറിവ് അനുസരിച്ച്, ഏതെങ്കിലും ഉടമ്പടി എഴുതേണ്ട അവസരം നിങ്ങൾക്കു വന്നാൽ നിങ്ങൾ നിഷേധിക്കരുതെന്നും പറഞ്ഞിട്ടുണ്ട്. ഇങ്ങനെ സമൂഹത്തെ മുഴുവനും ഒന്നായി കൂട്ടിയിണക്കിയിരിക്കുകയാണ്. കടം വാങ്ങിയവൻ എഴുത്തറിയാത്തവനോ, ചിന്താശക്തി കുറഞ്ഞവനോ ആണെങ്കിൽ അവന്റെ അറിവില്ലായ്മയെ ചൂഷണം ചെയ്യാൻ കടം കൊടുക്കുന്നവൻ ശ്രമിച്ചേക്കും. അതുകൊണ്ട് കടം വാങ്ങിയവന് നഷ്ടം വരാതിരിക്കാൻ അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ അവന് വേണ്ടി ഉടമ്പടി എഴുതിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. സ്വത്തുള്ളവരും എന്നാൽ പ്രായപൂർത്തിയെത്തിയിട്ടില്ലാത്തവരുമായവരിൽ നിന്ന് ചിലപ്പോൾ ചിലർ കടം വാങ്ങാറുണ്ട്. ചിലർ ചിലരെ വിഡ്ഢികളാക്കിക്കൊണ്ട് കുറച്ചുപണം കടം കൊടുത്ത് (ചിലപ്പോൾ ഇങ്ങനെയും ഉണ്ടാകാറുണ്ട്) അവന്റെ നിർബന്ധിതാവസ്ഥയെ ചൂഷണം ചെയ്ത് കൊടുത്ത തുകയെക്കാൾ ഒരുപാട് ഇരട്ടി പലിശ കൂട്ടിവാങ്ങാറുണ്ട്. ഇതിൽനിന്നും രക്ഷിക്കേണ്ടത് നിർബന്ധമാണ്. എത്രമാത്രം സുക്ഷ്മതയാണ് ഇക്കാര്യത്തിൽ പാലിച്ചിട്ടുള്ളതെന്ന് നോക്കുക. ഏതെങ്കിലും രീതിയിലുള്ള തെറ്റുധാരണകൾ ഉണ്ടാകുകയും, ഓരോരുത്തരും അവർക്കു നേട്ടമുള്ളതു പറയുകയും വഴക്കും വക്കാണവും ഉണ്ടാകുകയും ചെയ്യുന്ന ഘട്ടങ്ങൾ ചിലപ്പോൾ ഉണ്ടാകാം. ഇതില്ലാതിരിക്കുന്നതിനുവേണ്ടി ഉടമ്പടി എഴുതിക്കഴിഞ്ഞാൽ സാക്ഷി നിർത്താനും പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു:

وَاسْتَشْهِدُوا شَهِيدَيْنِ مِن رِّجَالِكُمْ

നിങ്ങളുടെ പുരുഷന്മാരിൽനിന്ന് രണ്ടുപേരെ നിങ്ങൾ സാക്ഷി നിറുത്തുകയും ചെയ്യുക. പിന്നീട് പറഞ്ഞു: രണ്ടു പുരുഷന്മാരെ കിട്ടുന്നില്ലെങ്കിൽ ഒരു പുരുഷന്റെ സ്ഥാനത്ത് രണ്ടു സ്ത്രീകൾക്ക് സാക്ഷി നില്ക്കാവുന്നതാണ്. ഒരു സ്ത്രീ മറന്നുപോയാൽ രണ്ടാമത്തെ സ്ത്രീ ഓർമപ്പെടുത്തുന്നതിനുവേണ്ടിയാണ് ഒരു പുരുഷന്റെ സ്ഥാനത്ത് രണ്ടു സ്ത്രീകളെ വെച്ചിട്ടുള്ളത്. ഇവിടെ മറ്റൊരു പ്രശ്നം കൂടി പരിഹരിക്കപ്പെട്ടിരിക്കുകയാണ്. അതായത് രണ്ടു സ്ത്രീകളുടെ സാക്ഷ്യം ഒരു പുരുഷന്റെ സാക്ഷ്യത്തിന് തുല്യമാണ്.

നോക്കുക, എത്രമാത്രം താക്കീതാണ് ചെയ്തിട്ടുള്ളത്. പ്രവർത്തിക്കേണ്ട കാര്യങ്ങൾ മുഴുവനും പറഞ്ഞിരിക്കുന്നു. നിങ്ങൾ ഈ രീതിയനുസരിച്ച് പ്രവർത്തിക്കുന്നവരല്ലെങ്കിൽ തഖ്‌വയിൽനിന്ന് അകന്നുപോകുന്നവരായിരിക്കുമെന്ന് രണ്ടു പ്രാവശ്യം ഈ വചനത്തിൽ പറഞ്ഞിരിക്കുന്നു. തഖ്‌വയുള്ളവരായിരിക്കാൻ ഇരുകക്ഷികളോടും, എഴുതുന്നവരോടും, സാക്ഷികളോടും നിർദ്ദേശിച്ചിരിക്കുന്നു. ഒരാൾക്ക് ഒരാളെ ചതിക്കാനും അവകാശം ധ്വംസിക്കാനും, അല്ലെങ്കിൽ നല്ല രീതിയിൽ മടക്കിക്കൊടുക്കാതിരിക്കാനും, അതുപോലെ തന്നെ സാക്ഷികളുടെ മേൽ സമ്മർദ്ദം ചെലുത്തി (ഇക്കാലത്ത് നടന്നുവരുന്നതുപോലെ) വശത്താക്കി ജനങ്ങളെ വഞ്ചിക്കാനും കഴിഞ്ഞേക്കാം. പക്ഷേ, അല്ലാഹുവിനെ വഞ്ചിക്കാൻ നിങ്ങൾക്കു കഴിയുകയില്ല. അവൻ സർവ്വജ്ഞനാണ്. കൊടുക്കൽ വാങ്ങൽ എന്ത് ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് നടന്നതെന്ന് അവന് നന്നായിട്ടറിയാം. യഥാർത്ഥ രേഖ എന്താണെന്നും അവനറിയാം. ഉടമ്പടിരേഖയിൽ എന്തെങ്കിലും മാറ്റത്തിരുത്തലുകൾ വരുത്തിയാൽ അവൻ തീർച്ചയായും നിങ്ങളെ പിടിക്കുന്നതാണ്. സാക്ഷികളുടെ മേൽ സമ്മർദം ചെലുത്തിയാൽ, അതിനും നിങ്ങൾക്കു ശിക്ഷ കിട്ടും. കാരണം അതും പാപമാകുന്നു. അതുകൊണ്ട് തൊഴിലുപരമായ കൊടുക്കൽ വാങ്ങലാണെങ്കിലും വ്യക്തിഗതമായ കൊടുക്കൽ വാങ്ങലാണെങ്കിലും രൊക്കമായുള്ള കൊടുക്കൽ വാങ്ങൽ ഒഴികെ കുറച്ചു താമസമുള്ള ഏതു തരത്തിലുള്ള കൊടുക്കൽ വാങ്ങലാണെങ്കിലും അത് വായ്പയാണെങ്കിലും കടമാണെങ്കിലും ഉടമ്പടിയെഴുതേണ്ടതാണ്. ഇക്കാലത്ത് ഒരുപാട് ഇടപാടുകൾ വായ്മൊഴിയാൽ നടന്നുവരുന്നുണ്ട്. വായ്പകളും നടന്നു വരുന്നുണ്ട്. മിക്കപ്പോഴും കൂടെനില്ക്കാൻ ആളുകളില്ലാത്ത മാന്യരായ ആളുകളുടെ - തൊഴിലുപരമായ ഇടപാടുകാർക്ക് ഒരുപാട് പങ്കാളികൾ ഒപ്പമുണ്ടാകും - പണം അപഹരിക്കപ്പെടുകയാണ് പതിവ്. അതുകൊണ്ട് അഹ്മദികൾ കാലത്തിന്റെ സമ്പ്രദായം ഉപേക്ഷിക്കുകയും, അല്ലാഹുവിന്റെ കല്പനയനുസരിച്ച് കൊടുക്കലും വാങ്ങലും നടത്തുകയും ചെയ്യുക. അതിലാണ് എല്ലാവർക്കും നേട്ടമുള്ളത്.

ചിലപ്പോൾ നിത്യാവശ്യത്തിനുവേണ്ടി, അല്ലെങ്കിൽ യാത്രയിൽ എന്തെങ്കിലും ആവശ്യം നേരിടുകയും ഷോപ്പിംഗിന് പണം കുറവാകുകയും വാങ്ങുന്ന സാധനത്തിന് കൃത്യമായ പണം കൊടുക്കാൻ ഇല്ലാതിരിക്കുകയും എന്തെങ്കിലും ഇഷ്ടപ്പെട്ട വസ്തുകാണുമ്പോൾ വാങ്ങാൻ പണമില്ലാതാകുകയും ചെയ്യുമ്പോൾ ഏതെങ്കിലും കൂട്ടുകാരനിൽനിന്ന് അല്ലെങ്കിൽ ബന്ധുവിൽനിന്ന് കടം വാങ്ങാറുണ്ട്. ഇവിടെ ഒരു കാര്യം വ്യക്തമാക്കട്ടെ. അല്പം

പണം വായ്പ വാങ്ങി എന്നു ചിലർ പറയാറുണ്ട്. അവരുടെ പക്കൽ വായ്പയും കടവും തമ്മിൽ വ്യത്യാസമുണ്ട്. വാസ്തവത്തിൽ അതു രണ്ടും ഒന്നു തന്നെയാണ്. ഇവിടെയും ചിലപ്പോൾ ചില സുഹൃത്തുക്കൾ വരാറുണ്ട്. തിരിച്ചുചെന്നാൽ മടക്കിത്തരാം എന്നു പറഞ്ഞ് തങ്ങളുടെ സുഹൃത്തുക്കളിൽനിന്ന് അവർ പണവും വാങ്ങും. അല്ലെങ്കിൽ നാട്ടിലേതെങ്കിലും സഹോദരന് പൈസ എത്തിക്കാനുണ്ടെങ്കിൽ, അതെനിക്കുതരിക, ഞാൻ പാക്കിസ്ഥാനിലെത്തിയാലുടൻ കൊടുത്തേക്കാം എന്നും പറഞ്ഞ് പണം വാങ്ങുന്നു. അല്ലെങ്കിൽ നാട്ടിലെവിടെയാണെങ്കിലും അവിടെച്ചെന്ന് തദ്ദേശ കറൻസിയനുസരിച്ച് പണം കൊടുത്തേക്കാം എന്നും പറയും. നാട്ടിൽ തിരിച്ചെത്തിയാലോ, ഈ മാസം പൈസ കിട്ടിയില്ല, അടുത്തമാസം തരാം, അല്ലെങ്കിൽ രണ്ടുമാസം കഴിയട്ടെ എന്നൊക്കെ പറഞ്ഞ് ഇട്ടുതട്ടാൻ തുടങ്ങുന്നു. ഇതു പിന്നീട് വിരോധമുണ്ടാക്കുന്നതാണ്. എന്തായാലും അത്തരം കാര്യങ്ങളിലും എഴുതി രേഖപ്പെടുത്തേണ്ടതാണ്. പൈസ വാങ്ങുന്നയാൾ, ഇന്നയാളിൽ നിന്നും ഇന്നയാൾക്കു ഇത്ര കാലാവധിക്കുള്ളിൽ ഇത്ര പണം കൊടുക്കാൻ കൈപ്പറ്റിയിരിക്കുന്നുവെന്ന് പണം തരുന്ന ആൾക്ക് എഴുതിക്കൊടുക്കുക. ഇപ്രകാരം പ്രവർത്തിക്കുകയാണെങ്കിൽ ഒരുപാട് കലഹങ്ങളും വിരോധങ്ങളും അവസാനിക്കുന്നതാണ്. എന്നല്ല, കുഴപ്പങ്ങളൊന്നും ഉണ്ടാകുകയേ ഇല്ല.

ഇവിടെയും അധികം അതിഥികളും പൊയ്ക്കഴിഞ്ഞിട്ടുണ്ട്. കുറച്ചാളുകൾ ഇപ്പോഴും ഇവിടെയുണ്ട്. ജൽസയിൽ വരുന്ന അതിഥികളോട് ഞാൻ പറയാനാഗ്രഹിക്കുന്നത്, അവർ തങ്ങളുടെ ബന്ധുക്കളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ, അത്യാവശ്യ കാര്യത്തിനല്ലാതെ ഒരു തരത്തിലുള്ള കടമോ വായ്പയോ ആവശ്യപ്പെടരുത്. ഇതിൽനിന്ന് പിന്മാറാൻ ശ്രമിക്കേണ്ടതാണ്. എത്രമാത്രം ഇതിൽനിന്നൊഴിഞ്ഞു നില്ക്കുന്നുവോ അത്രയും നല്ലതാണ്. കടത്തെക്കുറിച്ചു പറഞ്ഞപ്പോൾ എനിക്കൊരു സംഭവം ഓർമ വന്നു. റബ്വയിൽ ജനവാസം തുടങ്ങിവരുന്ന കാലമായിരുന്നു അത്. അല്പം ചില കടകൾ മാത്രമെ അന്നുണ്ടായിരുന്നുള്ളൂ. ഹസ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബ് (റ) സാധനം വാങ്ങുന്നതിനുവേണ്ടി ബാസാറിൽ പോയി. സഹായത്തിന് ഒരാൾ കൂടെയുണ്ടായിരുന്നു. മിയാ സാഹിബ് ബാസാറിൽനിന്ന് സാധനം വാങ്ങിയപ്പോൾ പണം തികഞ്ഞില്ല. കൂടെയുണ്ടായിരുന്നയാൾ തന്റെ കൈയിലുണ്ടായിരുന്ന പണം കൊടുത്ത് സാധനം വാങ്ങി രണ്ടുപേരും വീട്ടിലേക്ക് തിരിച്ചു. വീട്ടിലെത്തിയപ്പോൾ സഞ്ചി മിയാസാഹിബിന്റെ കൈയിൽ കൊടുക്കാൻ അയാൾ ഒരുങ്ങി. എന്നാൽ, മിയാസാഹിബ് വാങ്ങിയില്ല. അവിടെ നില്ക്കാൻ പറഞ്ഞിട്ട് അദ്ദേഹം ഉള്ളിൽപോയി പൈസയെടുത്തുകൊണ്ടുവന്ന് കൂടെയുണ്ടായിരുന്ന ആൾക്ക് കൊടുത്തുകൊണ്ടു പറഞ്ഞു: ഇനി, സഞ്ചി എനിക്കുതരിക. കാരണം, ഇതിന്റെ പണം താങ്കൾക്കു തരുന്നതുവരെ ഇതേന്റേതല്ലായിരുന്നു. ഇപ്പോൾ പണം ഞാൻ തന്നു.

ഇത്തരം മാതൃകകൾ സമൂഹത്തിൽ നിലനില്ക്കുകയാണെങ്കിൽ അധികം വഴക്കുകളും കുഴപ്പങ്ങളും ഉണ്ടാകുകയേയില്ല. കടം കൊടുക്കുന്നവർക്കും കടം വാങ്ങുന്നവർക്കുമായുള്ള ചിലകാര്യങ്ങളാണ് ഞാനിവിടെ പറഞ്ഞത്. അല്ലാഹു ഇതിനെ സംബന്ധിച്ച് എന്താണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് ഞാൻ വിശദീകരിച്ചു. ഇതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് സമൂഹത്തിൽ ഒരുതരത്തിലുള്ള അസഹിഷ്ണുതയും ഉണ്ടാകാതിരിക്കാൻ ശ്രമിക്കുക. ഇതു സംബന്ധമായി മറ്റു ചില കാര്യങ്ങളാണ് ഇനിപ്പറയാനാഗ്രഹിക്കുന്നത്. കടം കൊടുക്കുന്നവർ കടം വാങ്ങുന്നവരോട് എങ്ങനെയാണ് പെരുമാറേണ്ടത്. കടം വാങ്ങിയവർ കടം വീട്ടാൻ എന്താണ് ചെയ്യേണ്ടത്. പരസ്പരം സാഹോദര്യവും സ്നേഹവും നിലനില്ക്കാനും ഒരു തരത്തിലുള്ള കേസ്സും വഴക്കും ഉണ്ടാക്കാതിരിക്കാനും ഇത് അനിവാര്യമാണ്. കടം തിരിച്ചു ചോദിക്കുമ്പോൾ എത്രത്തോളം സൗമ്യതയോടെ ചോദിക്കണം എന്നതിനെ സംബന്ധിച്ച് കടം കൊടുക്കുന്നവരോട് ആദ്യം ചിലതു പറയാം.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

وَإِنْ كَانَ ذُوْ عُسْرَةٍ فَنَظِرَةٌ إِلَىٰ مَيْسَرَةٍ وَأَنْ
تَصَدَّقُوْا خَيْرٌ لَّكُمْ إِنْ كُنْتُمْ تَعْلَمُوْنَ

(2:281)

(കടക്കാരിൽ) പ്രയാസമുള്ള വല്ല ആളുമുണ്ടെങ്കിൽ (അവന്) സൗകര്യമുണ്ടാകുന്നതുവരെ അവധി നല്കേണ്ടതാണ്. നിങ്ങൾ (അയാൾക്ക്) ധർമമായി (മൂലധനം) വിട്ടുകൊടുക്കുന്നതായാൽ അത് നിങ്ങൾക്ക് കൂടുതൽ ഗുണകരമായിരിക്കും; നിങ്ങൾ കാര്യം ഗ്രഹിക്കുന്നുവെങ്കിൽ. (2:281)

കടം കൊടുത്തയാളോടു പറയുന്നു, കടം വാങ്ങിയ ആൾ ഞെരുക്കത്തിലാണെങ്കിൽ ഏറ്റവും ഉത്തമമായിട്ടുള്ളത് അയാൾക്ക് ഗഡുക്കളായി അടച്ചുതീർക്കാൻ അവധി നീട്ടിക്കൊടുക്കുകയോ, അല്ലെങ്കിൽ അയാൾ കൂടുതൽ ഞെരുക്കത്തിലാണെങ്കിൽ, നിങ്ങൾ കഴിവുള്ളവരും അങ്ങനെ മാപ്പാക്കിക്കൊടുക്കുന്നത് നിങ്ങളുടെ മൂലധനത്തെ ദോഷമായി ബാധിക്കാതിരിക്കുകയും ആണെങ്കിൽ ഉത്തമമായത് അയാൾക്ക് മാപ്പാക്കിക്കൊടുക്കുക എന്നതാണ്. നിങ്ങൾ അങ്ങനെ ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹത്തിന് നിങ്ങൾ പാത്രീഭൂതരായിത്തീരുമെന്ന് അറിയുക. കടം വാങ്ങിയ ആളെ നിങ്ങൾ ബുദ്ധിമുട്ടിക്കുകയാണെങ്കിൽ, അയാളോട് കഠിനതരമായി പെരുമാറുകയാണെങ്കിൽ അല്ലാഹുവിന്റെ ദൃഷ്ടി നിങ്ങളുടെ മേലുണ്ടെന്നകാര്യം ഓർക്കുക. അവൻ വളരെയധികം ഔദാര്യങ്ങൾ

നിങ്ങൾക്കു ചെയ്തു തന്നിട്ടുണ്ട്. നിങ്ങൾക്ക് പലതും ചെയ്തു തരുന്നുണ്ട്. അവനും ഇങ്ങനെ കണക്കെടുക്കാൻ തുടങ്ങിയാൽ നിങ്ങൾ പ്രയാസത്തിൽ അകപ്പെടും. അതുകൊണ്ട് എപ്പോഴും സൗമ്യതയോടെ പെരുമാറുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു: "ആരിലെങ്കിലും നിന്ന് ആരെങ്കിലും കടം വാങ്ങാനാഗ്രഹിക്കുന്നെങ്കിൽ, അവൻ നിശ്ചിത അവധിയ്ക്കുശേഷവും അവധി നീട്ടിക്കൊടുക്കുകയാണെങ്കിൽ, നീട്ടിക്കൊടുത്ത ഓരോ ദിവസവും കടം കൊടുത്തവന് സദഖയായിരിക്കും." വിശുദ്ധ ഖുർആന്റെ ആ വചനത്തിന്റെ വിശദീകരണമാണ് ഈ ഹദീസ്. നിങ്ങളോട് കടക്കാരനായ നിങ്ങളുടെ സഹോദരന് നിങ്ങൾ സൗകര്യം ചെയ്തു കൊടുക്കുന്നതുകൊണ്ട് നിങ്ങളുടെ പ്രതിഫലം വർധിക്കുന്നു. ഒന്ന് കടം കൊടുത്തതിന്റെ പ്രതിഫലം. കാരണം കടം കൊടുക്കുന്നതിനും പ്രതിഫലമുണ്ട്. സദഖയെക്കാൾ അധികം പ്രതിഫലമുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഇസ്റാഇന്റെ രാത്രി ഞാൻ സ്വർഗ്ഗത്തിന്റെ കവാടത്തിൽ എഴുതിയിരിക്കുന്നതു കണ്ടു. 'സദഖയുടെ പ്രതിഫലം പത്തിരട്ടിയാണ്. കടം കൊടുക്കുന്നതിന്റെ പ്രതിഫലം പതിനെട്ടിരട്ടിയാണ്.' ഞാൻ ചോദിച്ചു. ജിബ്രീലേ, കടം സദഖയെക്കാൾ മുന്തിയതായതെന്തുകൊണ്ടാണ്? ജിബ്രീൽ പറഞ്ഞു: ചോദിക്കുന്നയാൾ ചോദിക്കുന്നത് ഇപ്പോൾ എന്തോ കൈയിലുള്ളതുകൊണ്ടാണ്. കടം വാങ്ങുന്നയാൾ ആവശ്യമുള്ളപ്പോൾ മാത്രമെ കടം വാങ്ങുകയുള്ളൂ. ഇതിൽ കടം വാങ്ങുന്നവർക്കും പാഠവും ഉപദേശവും ഉണ്ട്. അതായത്, അത്യാവശ്യത്തിനല്ലാതെ കടം വാങ്ങരുത്. ഇല്ലെങ്കിൽ അവരും സദഖ തിന്നുന്നവരിൽപ്പെടുന്നതാണ്.

നബി(സ) പറയുന്നു: തന്റെ ദുആ സ്വീകരിക്കപ്പെടണമെന്നും തന്റെ ബുദ്ധിമുട്ടുകൾ അകലണമെന്നും ആഗ്രഹിക്കുന്നവൻ, തന്നിൽനിന്ന് കടം വാങ്ങി വിഷമം അനുഭവിക്കുന്ന ആൾക്ക് അത് തിരിച്ചടയ്ക്കാൻ ആശ്വാസം നല്കേണ്ടതാണ്.

കടം വാങ്ങി വിഷമം അനുഭവിക്കുന്ന കടക്കാരനായ സഹോദരനെ തീർച്ചയായും സഹായിക്കേണ്ടതാണ്. എന്നാൽ, ചിലയാളുകൾ കടം വാങ്ങുന്നതും തൊഴിലാക്കി മാറ്റിയിട്ടുണ്ട്. അവർ പണിയൊന്നും എടുക്കുകയില്ല. യാചിക്കുന്നതിനുള്ള ഉത്തമ മാർഗമായി കടം വാങ്ങുക എന്ന രീതി അവർ സ്വീകരിച്ചിരിക്കുകയാണ്. കടം വീട്ടുന്നതിനെ സംബന്ധിച്ച് അവർക്ക് ഒരു ചിന്തയും ഉണ്ടാകുകയില്ല.

ഹസ്റത്ത് അബൂ ഖതാദ (റ) നെക്കുറിച്ച് വന്നിരിക്കുന്നു. അദ്ദേഹത്തിന് കടം വാങ്ങിയ സംഖ്യ ഒരു മുസ്ലിം കൊടുക്കണമായിരുന്നു. അദ്ദേഹം അത് ചോദിക്കാൻ ചെല്ലുമ്പോൾ അയാൾ ഒളിച്ചിരിക്കും. ഒരിക്കൽ ചെന്നപ്പോൾ വീട്ടിലിരുന്ന് ഭക്ഷണം കഴിക്കുന്നതായി അയാളുടെ മകനിൽനിന്നും അദ്ദേഹം അറിഞ്ഞു. 'താങ്കൾ വെളിയിൽ വരിക, ഉള്ളിലുണ്ടെന്ന് എനിക്കറിയാം അതുകൊണ്ട് ഉള്ളിലിരുന്നിട്ട് ഒരു കാര്യവുമില്ല' എന്ന് അദ്ദേഹം വിളിച്ചു പറഞ്ഞു. അയാൾ വെളിയിൽ വന്നപ്പോൾ ഒളിക്കാനുള്ള കാര്യം തിരക്കി. അയാൾ പറഞ്ഞു: 'ഞാൻ വളരെ ഞെരുക്കത്തിലാണ്. എന്റെ കൈയിൽ ഒന്നും തന്നെയില്ല. എന്റെ കൂടെ കുടുംബവുമുണ്ട്. കുട്ടികളും ഒരു പാടുണ്ട്. എന്റെ കുടുംബവും വലുതാണ്.' ഇതു തന്നെയാണോ താങ്കളുടെ അവസ്ഥയെന്ന് അദ്ദേഹം ചോദിച്ചു. അല്ലാഹുവാണ, ഇതു തന്നെയാണ് എന്റെ സ്ഥിതിയെന്ന് അയാൾ പറഞ്ഞു. ഇതുകേട്ടപ്പോൾ അബൂഖതാദ(റ) കരയാൻ തുടങ്ങി. അദ്ദേഹം അയാളുടെ എല്ലാ കടവും മാപ്പാക്കുകയും ചെയ്തു.

ഇവിടെ നമുക്കുകാണാൻ കഴിയുന്നത് മറ്റൊരു മുസ്ലിമിന്റെ ലജ്ജയാണ്. 'എനിക്ക് വാഗ്ദാനം അനുസരിച്ച് കടം വീട്ടാൻ കഴിഞ്ഞില്ല, അതു വീട്ടാൻ പറ്റിയ ഒരു അവസ്ഥയും കാണുന്നില്ല. നേരേ കണ്ടാൽ അയാൾ പറയുന്നത് കേൾക്കേണ്ടിവരും. നാണംകെടേണ്ടിയും വരും, ഈ ചിന്താഗതിയിലാണ് അയാൾ ഒളിച്ചുനടന്നത്. പക്ഷെ, നബി (സ) തിരുമേനി നേരിട്ട് ട്രെനിംഗ് നൽകിയിരുന്ന സ്വഹാബത്തിന്റെ ഹൃദയവും ലളിതമായിരുന്നു. ശരിയാരാണ് തെറ്റാരാണ് എന്നവർക്ക് മനസ്സിലാക്കാനും കഴിഞ്ഞിരുന്നു. വിവേചന ശക്തി അവരിൽ അധികമായുണ്ടായി രുന്നു. അതുകൊണ്ട് അബൂഖതാദ(റ) അയാളെക്കുറിച്ച് പഠിക്കുകയും, അയാളുമായി സംസാരിക്കുകയും കടസംഖ്യ മാപ്പാക്കികൊടുക്കുകയും ചെയ്തു.

ഇക്കാലത്തുള്ള ചിലരെപ്പോലെയല്ലഇത്. അവർ കടം വാങ്ങുകയും ചെയ്യും, അറുത്തുമുറിച്ച് ഇപ്പോൾ കടമൊന്നും വീട്ടാൻ പറ്റുകയില്ലെന്നു പറയുകയും ചെയ്യും. തിരിച്ചുകൊടുക്കാൻ ശ്രമിക്കുകയുമില്ല.

ഹസ്റത്ത് ജാബിർബിൻ അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു:

"സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുമ്പോഴും കടം തിരിച്ചു ചോദിക്കുമ്പോഴും എളുപ്പമുണ്ടാക്കുന്ന ധർമ്മിഷ്ഠന്റെ മേൽ അല്ലാഹുതആല കരുണ ചൊരിയുമാറാകട്ടെ."

അതായത് തൊഴിൽമേഖലയിലും അനുവദനീയമല്ലാത്ത നേട്ടമോ ലാഭമോ ആഗ്രഹിക്കുകയില്ല. ഉചിതമായ ലാഭമേ എടുക്കുകയുള്ളു. കടം വാങ്ങിയ ആളിൽനിന്നും തിരിച്ചുകി ട്ടാതെവരുമ്പോൾ, അയാളോട് സൗമ്യമായി പെരുമാറുന്നു. അത്തരം ആൾ അല്ലാഹുവിന്റെ ദാസരുടെമേൽ കരുണകാണിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അല്ലാഹുവും അവരോട് കരുണയോടെ പെരുമാറുന്നുവെന്ന് നബി (സ) പറഞ്ഞു.

ഹസ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ (റ)

നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: സാധനം വാങ്ങുമ്പോഴും വിൽക്കുമ്പോഴും കടം കൊടുക്കുമ്പോഴും കടം തിരിച്ചുചോദിക്കുമ്പോഴും കാര്യങ്ങൾ എളുപ്പമാക്കികൊടുത്ത ഒരാളെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയുണ്ടായി.

നബി (സ) തിരുമേനി പറഞ്ഞു: "ഞെരുക്കമുള്ളവന് അവധിനൽകുകയോ, കടം വിട്ടുകൊടുക്കുകയോ ചെയ്താൽ അല്ലാഹുവിന്റേതല്ലാത്ത മറ്റാരുടേയും തണലില്ലാത്ത അന്ത്യദിനത്തിൽ അവന്റെ അർശിന്റെ നിഴലിൽ അല്ലാഹു അയാൾക്ക് തണലിട്ടു കൊടുക്കും."

അബൂഹുറയ്റ (റ) നിവേദനം ചെ യ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: (പൗരാണികരിൽ) "ജനങ്ങൾക്ക് കടം കൊടുക്കുന്ന ഒരാളുണ്ടായിരുന്നു. തന്റെ ഭൃത്യനോട് അദ്ദേഹം പറയുമായിരുന്നു: ഒരു ഞെരുക്കക്കാരനാണ് നിന്നെ സമീപിച്ചതെങ്കിൽ അവനു നീ വിട്ടുവീഴ്ച ചെയ്തുകൊടുക്കണം. അല്ലാഹു നമ്മൾക്കും വിട്ടുവീഴ്ച ചെയ്തേക്കാം. അങ്ങനെ മരണാനന്തരം അല്ലാഹുവിനെ അദ്ദേഹം കണ്ടുമുട്ടിയപ്പോൾ അല്ലാഹു അദ്ദേഹത്തിന് വിട്ടുവീഴ്ച ചെയ്തുകൊടുത്തു." കഴിവുള്ളവർ വഴക്കിനു വയ്യാവേലിക്കുമൊന്നും പോകാതെ ഈ രീതിയിൽ സൗകര്യം ചെയ്ത് കൊടുക്കേണ്ടതാണ്.

കടം വാങ്ങിയി ട്ടുള്ളവർ എന്തുമാതൃക കാണിക്കണം കടം എങ്ങനെ തിരിച്ചുകൊടുക്കണം എത്ര ഉത്കണ്ഠയോടെ എത്രവേഗം അതുവീട്ടണം എന്നതിനെ സംബന്ധിച്ച് ചിലകാര്യങ്ങൾ പറയാം. ഇതിൽ ഒന്നാമതായി നബി (സ) തിരുമേനിയുടെ മാതൃകതന്നെയാണുള്ളത്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബൂഹുറയ്റ (റ) നിവേദനം ചെയുന്നു.

ഒരാൾ നബി (സ) അടുത്ത് വന്ന് കടം തിരിച്ചടക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഗൗരവത്തിൽ സംസാരിച്ചു. സ്വഹാബിമാർ പ്രതികാരം ചെയ്യാനുദ്ദേശിച്ചപ്പോൾ നബി (സ) പറഞ്ഞു: "നിങ്ങളവനെ വിട്ടേക്കൂ. സംസാരിക്കാൻ അയാൾക്ക് അധികാരമുണ്ട്. എന്നിട്ട് അവിടന്ന് പറഞ്ഞു: അവന്റെ ഒട്ടകത്തിന്റെ പ്രായത്തിന് സമാനമായ ഒട്ടകം നിങ്ങൾ അവന് കൊടുക്കുക. സ്വഹാബികൾ പറഞ്ഞു: പ്രവാചകരേ! അവന്റെ ഒട്ടകത്തിന്റെ പ്രായത്തേക്കാൾ അതിശ്രേഷ്ഠമായ ഒട്ടകമല്ലാതെ ഞങ്ങളുടെ പക്കലില്ലല്ലോ? അവിടന്ന് പറഞ്ഞു: നിങ്ങൾ അതുകൊടുക്കൂ. കടം നന്നായി തിരിച്ചടക്കുന്നവനാണ് നിങ്ങളിൽ ഉത്തമൻ."

കടം വാങ്ങുന്നവരും ഓർമിച്ചുകൊള്ളുക. നിങ്ങൾ കടം വാങ്ങുമ്പോൾ എത്രയും വേഗം തിരിച്ചുകൊടുക്കണമെന്ന ഉദ്ദേശ്യത്തോടെ വാങ്ങുക. തിരിച്ചുകൊടുക്കുമ്പോൾ നല്ലരീതിയിൽ, അല്പം വർധിപ്പിച്ചുകൊടുക്കാൻ കഴിയുമെങ്കിൽ അങ്ങനെ കൊടുക്കുക. ഈ വർധിപ്പിച്ചു കൊടുക്കുന്നത് പലിശയല്ല. നന്ദിരേഖപ്പെടുത്തിക്കൊണ്ടുള്ള ഒരു നന്മയാണ് അത്. കാരണം നിങ്ങളുടെ ആവശ്യത്തിന് അയാൾ പ്രയോജനപ്പെട്ടു.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "ഇസ്‌ലാമികനിയമത്തിൽ പലിശയുടെ നിർവചനം ഇങ്ങനെയാണ്. തന്റെ ലാഭത്തിനായി ഒരാൾ മറ്റൊരാൾക്ക് പണം കടം കൊടുക്കുകയും ലാഭം നിശ്ചയിക്കുകയും ചെയ്യുന്നതിനാണ് പലിശ എന്നുപറയുന്നത്. ഈ നിർവചനം എവിടെയാണോ ശരിയായി വരുന്നത് അത് പലിശ എന്നുപറയപ്പെടും. എന്നാൽ പണം വാങ്ങുന്നയാൾ വാഗ്ദാനമോ നിബന്ധനയോ ഒന്നും കൂടാതെ സ്വന്തം ഇഷ്ടത്താൽ കൂടുതൽ തിരിച്ചുകൊടുക്കുക യാണെങ്കിൽ, പലിശയാണെന്ന നിയ്യത്തോടെ കൊടുക്കുന്നില്ലെങ്കിൽ അതു പലിശയിൽ പെടുന്നതല്ല. അതൊരു സൽക്കർമ്മമാണ്. നബി (സ) തിരുമേനി കടം തിരിച്ചുനൽകുമ്പോൾ അധികം കൊടുത്തിട്ടല്ലാതെ ഒരുകടവും വാങ്ങിയി രുന്നില്ല. എന്നാൽ, കൂടുതൽ കിട്ടണമെന്ന ആഗ്രഹം ഉണ്ടാകാ ൻ പാടില്ല. ആഗ്രഹിക്കാതെ എന്തെങ്കിലും കൂടുതൽ കിട്ടിയാൽ അത് പലിശയിൽ പെടുകയില്ല."

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറ ഞ്ഞു: "ധനാഢ്യൻ കടം വീട്ടുവാൻ വൈകിപ്പിക്കുന്നത് ദ്രോഹമാണ്. കടം വീട്ടുവാൻ വൈകിപ്പിക്കുന്നവന്റെ പി ന്നാലെ കൂടാൻ നിങ്ങളിൽ ആരോടെങ്കിലും പറയപ്പെട്ടാൽ, അയാളുടെ പിന്നാലെ കൂടേണ്ടതാണ്."

അതായത് അയാളെക്കൊണ്ട് നിർബന്ധിച്ച് പണം തിരിച്ചുകൊടുപ്പിക്കുക. ചിലയാളുകളുണ്ട്, കടം വാങ്ങും തിരിച്ചുകൊടുക്കുകയില്ല. ബാങ്കുകളിൽ നിന്ന് പണം എടുക്കും, പിന്നാലെ കൂടിയാൽ തിരിച്ചുകൊടുക്കാം ഇല്ലെങ്കിൽ കൊടുക്കണ്ട എന്നതായിരിക്കും ഉദ്ദേശ്യം. പാക്കിസ്ഥാൻ തുടങ്ങിയ മിക്കരാഷ്ട്രങ്ങളിലും വലിയ വലിയ കടം എടുക്കുന്നു. വർഷങ്ങളോളം പിന്നാലെ കൂടിയാലും തിരിച്ചടക്കുകയില്ല. പിന്നീട് സമ്മർദ്ദം ഏറുമ്പോൾ എന്തെങ്കിലും പറഞ്ഞ് മാപ്പാക്കുന്നു. അത്തരക്കാരോട് സദഖ വാങ്ങിക്കോ എന്ന് ആരെങ്കിലും പറഞ്ഞാൽ അവരത് വളരെ മോശമായി ചിത്രീകരിക്കും. ഇത്രവലിയ പണക്കാരനായ എന്നോടാണോ സദഖ തിന്നാൻ പറയുന്നതെന്ന് അവർ ചോദിക്കും. എന്നാൽ ഈ രീതിയിൽ കടം വാങ്ങിതിന്നുന്നവൻ സദഖ തിന്നുന്നവൻ തന്നെയാണ്. കടം വാങ്ങുന്നതും ഒരുതരത്തിലുള്ള സദഖ തന്നെയാണ്. കടം വാങ്ങി തിന്നും. അതിൽ ഒരു ആശങ്കയുമില്ല.

എന്തായാലും ജമാഅത്തിലും ചില സംഭവങ്ങൾ ഇങ്ങനെയൊക്കെ ഉണ്ടാകാറുണ്ട്. ജമാഅത്ത് അവകാശം വാങ്ങിക്കൊടുക്കാൻ പരിശ്രമിക്കാറുമുണ്ട്. ഇതിലെല്ലാം സൂക്ഷ്മത പാലിക്കേണ്ടതാണ്.

നബി (സ) തിരുമേനി പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. കൊടുക്കുവാൻ കഴിവുള്ളവൻ കൊടുക്കുവാൻ കാലതാമസം വരുത്തുന്നത്, അവന്റെ ശിക്ഷയേയും അവന്റെ മാന്യതയേയും നിയമാനുസൃതമാക്കുന്നു.

അത്തരം ആളുകൾക്കെതിരിൽ ജമാഅത്ത് നടപടിയെടുക്കുമ്പോൾ 'ഞങ്ങളുടെ കുടുംബ ത്തിന്റെ അന്തസുകൊണ്ടാണ് കളിച്ചത്, ഈ ഉദ്യോഗ സ്ഥൻ ഞങ്ങളെ അപമാനിച്ചു , ഖല്ലാ ഞങ്ങളെ മനപൂർവം ശിക്ഷിച്ചു' എന്നൊക്കെ പറയാൻ തുട ങ്ങുന്നു. കഴിവുണ്ടായി ട്ടും സഹകരിക്കാത്ത അത്ത രമാളുകളോട് ഈ രീതിയിലുള്ള പെരുമാറ്റം അനുവദനീയമാണെന്ന് ഈ ഹദീസിൽ പറയുന്നു. അവർക്ക് അപമാനമുണ്ടായാൽ തന്നെ അത് പ്രശ്ന മല്ല. ജമാഅത്ത് നടപടിയെടുക്കുമ്പോൾ ബഹളമു ണ്ടാക്കാനും അവർക്കവകാശമില്ല. ആദ്യമേതന്നെ അവർ ചിന്തിക്കേണ്ടതായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. തിരികെ കൊടുക്കാമെന്നുള്ള ഉദ്ദേശ്യത്തോടെ ആരൊരുവൻ കടം വാങ്ങുന്നുവോ അവനുവേണ്ടി അല്ലാഹു അത് വീട്ടുന്നതാണ്. ദുർവിനിയോഗത്തിന് ആരൊരുവൻ കടം വാങ്ങുന്നുവോ അവനെ അല്ലാഹു നാശ ത്തിലേക്ക് ആനയിക്കുന്നു.

നിയ്യത്ത് നല്ലതായിരിക്കണം എങ്കിൽ അല്ലാഹു സഹായിക്കുന്നതാണ്. ദുരുദ്ദേശ്യമാണെങ്കിൽ അതിൽ ബർക്കത്തും ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് ഉദ്ദേശ്യം ശുദ്ധമാക്കിവെക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ചിലർ കടം വാങ്ങുന്നത്, 'കി ട്ടുകയാണെങ്കിൽ എവിടെന്നെങ്കിലും വാങ്ങാം കൊടുക്കേണ്ട ആവശ്യമൊന്നുമില്ല' എന്ന ഉദ്ദേശ്യ ത്തോടെയായിരിക്കും. അത്തരമാളുകൾ അല്ലാഹു വിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാ കുന്നില്ല എന്നുമാത്രമല്ല, അവർ അല്ലാഹുവിന്റെ കോപത്തിനു പാത്രമാകുമെന്ന് റസൂൽ (സ) പറഞ്ഞിരിക്കുന്നു.

നബി (സ) തിരുമേനി കടം വീ ട്ടാനു ള്ളവന്റെ ജനാസപോലും നമസ്കരിച്ചിരുന്നില്ല. അത്രയേറെ സൂക്ഷ്മത പാലിച്ചിരുന്നു.

ഹസ്റത്ത് സൽമബിൻ അഖ്വ (റ) നിവേദനം ചെയ്യുന്നു. ഞങ്ങൾ നബി (സ) യോടൊപ്പം ഇരിക്കുകയായിരുന്നു. ഒരു ജനാസ, മയ്യിത്തുനമസ്കാരത്തിനായി പ്രവാചകർ(സ) യുടെ സന്നിധിയിൽ കൊണ്ടുവരപ്പെട്ടു. അവിടന്ന് ചോദിച്ചു: അയാൾ കടബാധിതനായിരുന്നുവോ?. സ്വഹാബത്ത് അല്ലാ എന്നറിയിച്ചു. ഇന്ന് ഇയാൾ എന്തെങ്കിലും സ്വത്തുപേക്ഷിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. ഇല്ല എന്നുപറഞ്ഞു. അവിടന്ന് മയ്യിത്ത് നമസ്കരിച്ചു. മറ്റൊരു ജനാസ കൊണ്ടുവരപ്പെട്ടു. അവിടന്ന് ചോദിച്ചു: ഇയാൾക്ക് കടമുണ്ടായിരുന്നോ? അവർ പറഞ്ഞു ഉണ്ടായിരുന്നു. എന്തെങ്കിലും സ്വത്ത് ഇയാൾ ഉപേക്ഷിച്ചിട്ടുണ്ടോ എന്നുചോദിച്ചു. മൂന്നു ദീനാർ അയാൾ ഉപേക്ഷിച്ചിട്ടുണ്ടെന്ന് പറയപ്പെട്ടു. നബി (സ) മയ്യിത്ത് നമസ്കരിച്ചു. മൂന്നാമതൊരു ജനാസ കൊണ്ടുവരപ്പെട്ടു. അയാളുടെ ജനാസ നമസ്കരിക്കാൻ സ്വഹാബത്ത് നബി (സ) തിരുമേനി യോടുപറ ഞ്ഞു. ഇയാൾ എന്തെങ്കിലും സ്വത്ത് ഉപേക്ഷിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. ഇല്ല എന്ന് സ്വഹാബത്ത് അറിയിച്ചു. ഇയാൾക്കെന്തെങ്കിലും കടബാധ്യതയുണ്ടോ എന്ന് അവിടന്ന് തിരക്കി. മൂന്ന് ദീനാർ കടമുണ്ടെന്ന് സ്വഹാബത്ത് പറഞ്ഞു. നബി (സ) പറഞ്ഞു: നിങ്ങളുടെ സ്നേഹിതനുവേണ്ടി നമസ്കരിക്കുക. നബി (സ) നമസ്കരിച്ചില്ല. മറ്റുള്ളവർ നമസ്കരിക്കാൻ അവിടന്ന് പറഞ്ഞു. അബൂഖത്താദ പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ ദൂതരേ! അദ്ദേഹത്തിന്റെ കടം ഞാൻ കൊടുത്തു തീർക്കാം. അതിനാൽ അവിടന്ന് അദ്ദേഹത്തിന്റെ മയ്യിത്തു നമസ്കാരം നടത്തി.

ഹസ്റത്ത് അബൂസഈദ് ഖുദ്രി (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. നബി (സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. ഞാൻ സത്യ നിഷേധത്തിൽ നിന്നും കടത്തിൽ നിന്നും അല്ലാഹു വിനോട് അഭയം തേടുന്നു. ഇങ്ങനെ അവിടന്ന് ദുആചെയ്യുകയായിരുന്നു. ഒരാൾ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ, കടത്തിന്റെ കാര്യം സത്യ നിഷേധത്തിന് സമാനമാക്കപ്പെടുമോ? നബി (സ) പറഞ്ഞു: അതേ.

ഇത് വലിയൊരു മുന്നറിയിപ്പാണ്. ഒരു ഭാഗത്ത് നമ്മൾ വിശ്വാസികളാണെന്നുവാദിക്കുന്നു. മുഅ്മിനീങ്ങളിൽപ്പെട്ടവരാകണമെന്നും ആഗ്രഹം പ്രകടിപ്പിക്കുന്നു. മറുഭാഗത്താണെങ്കിലോ കടത്തിൽ അകപ്പെട്ട് ദീനിൽ നിന്ന് നിങ്ങൾ അകന്നു പോയി ക്കൊണ്ടിരിക്കുന്നു. കടം തിരിച്ചുകൊടുക്കേണ്ട കാര്യങ്ങളിൽ ലാഘവ ബുദ്ധിയോടെ പ്രവർ ത്തി ക്കുന്നു. സത്യനിഷേധത്തിലേക്ക് നീങ്ങുന്നു. അല്ലാഹുതആല ഇതിൽ നിന്ന് നമ്മെ കാക്കുമാറാ കട്ടെ.

ഹസ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി നമസ്കാരത്തിൽ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. 'അല്ലാഹുവേ! പാപത്തിൽ നിന്നും കടബാധ്യതയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.' ഒരാൾ ചോദിച്ചു. 'അല്ലയോ അല്ലാഹുവിന്റെ ദൂതരേ! അവിടന്ന് എപ്പോഴും കടബാധ്യതയിൽനിന്ന് അഭയം തേടുന്നല്ലോ.' അവിടന്ന് പറഞ്ഞു: 'ഒരാൾ കടത്തിലായിരിക്കു മ്പോൾ അവൻ കളവ് പറയുകയും വാഗ്ദാനം ചെയ്യുകയും അത് ലംഘിക്കുകയും ചെയ്യുന്നു.'

കളവും വാഗ്ദാന ലംഘനവും നടന്നുകൊണ്ടി രുന്നാൽ അത് സത്യനിഷേധത്തി ലേക്ക് മനുഷ്യനെ കൊണ്ടുചെന്നെത്തിക്കുന്നതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "മുത്തഖിയുടെ അവസ്ഥ ദോഷ

പ്രവണമായ ആത്മാവിന്റെ രൂപത്തിലായിരിക്കും. ഈ അവസ്ഥയുടെ പരിഷ്ക്കരണത്തിനായിട്ടാണ് നീതിപൂർവം പ്രവർത്തിക്കുക എന്ന കല്പനയുള്ളത്. അതിന് ശരീരേച്ഛയ്ക്ക് വിരുദ്ധം പ്രവർത്തിക്കേണ്ട തായി വരും. ഉദാഹരണത്തിന്, ആർക്കെങ്കിലും കടം വീട്ടാനുണ്ടെങ്കിൽ എങ്ങനെയെങ്കിലും അത് മുക്കി വെക്കാൻ മനസ്സ് പറയും. എങ്ങനെയെങ്കിലും അതിന്റെ കാലാവധി കഴിഞ്ഞെങ്കിൽ എന്നാഗ്രഹി ക്കുകയും ചെയ്യും. അപ്പോൾ ഇനി നിയമപരമായും ആർക്കും ഒന്നും ചെയ്യാൻ പറ്റുകയില്ലെന്ന ചിന്ത യാൽ മനസ്സ് കൂടുതൽ തന്റേടിയും കടി ഞ്ഞാണില്ലാ ത്തതുമായിത്തീരും. എന്നാൽ ഇതു ശരിയല്ല. കൊടു ക്കാനുള്ള കടം കൊടുത്തു വീട്ടുക എന്നതുതന്നെ യാണ് നീതി. എന്തെങ്കിലും സൂത്രം കൊണ്ടോ ഒഴിവ്കഴിവ് പറഞ്ഞോ അത് അമുക്കിവെക്കാൻ പാടില്ല. വേദനയോടെ എനിക്കുപറയേണ്ടതായി വരുന്നു; ചിലയാളുകൾ ഈ കാര്യം ഒട്ടും ശ്രദ്ധി ക്കുന്നില്ല. നമ്മുടെ ജമാഅത്തിലും അത്തരക്കാരുണ്ട്. വളരെക്കുറച്ചേ അവർ ശ്രദ്ധിക്കുന്നുള്ളു. കടം തിരിച്ചുകൊടുക്കാതിരിക്കുന്നത് നീതിയ്ക്കുവിരു ദ്ധമാണ്. നബി (സ) അത്തരക്കാരുടെ ജനാസ നമസ്കരിച്ചിരുന്നില്ല. അതുകൊണ്ട് നിങ്ങളിൽ ഓരോരുത്തരും ഇക്കാര്യം നല്ലവണ്ണം ഓർത്തു കൊള്ളുക. കടം തിരിച്ചുകൊടുക്കുന്നതിൽ മടി കാണിക്കരുത്. എല്ലാത്തരം വഞ്ചനയിൽ നിന്നും ചതിയിൽ നിന്നും ദൂരത്തേക്ക് ഓടിമാറേണ്ടതാണ്. കാരണം ഇത് ദൈവിക കല്പനയ്ക്ക് വിരുദ്ധമാണ്."

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മാതൃക എന്തായിരുന്നുവെന്ന് പറയാം. ഒരിക്കൽ അവിടന്ന് ഹസ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബിൽ നിന്നും 500 രൂപ കടം വാങ്ങി. അതിനുശേഷം അവിടന്ന് അദ്ദേഹത്തിനു കത്തെഴുതി: "വിഷമത്തിനു കാരണമായിരിക്കുന്ന സംഗതി ഇതാണ്. ഈ വിനീതൻ താങ്കൾക്ക് 500 രൂപ കടം വീട്ടാനുണ്ട്. കാലാവധിയ്ക്കുള്ളിൽ ഇനി എന്ത് തരാനുണ്ടെന്ന് എനിക്ക് ഓർമ്മയില്ല. കടം ഒരു ഭയാനകമായ കാര്യമാണ്. എനിക്ക് ഓർമ്മശക്തി കുറവാണ്. അഞ്ചുവർഷത്തിനുള്ളിൽ തിരിച്ചുതരാമെന്ന് വാഗ്ദാനം ചെയ്തതായി ഓർക്കുന്നുണ്ട്. ഇപ്പോൾ എത്രവർഷം കഴിഞ്ഞു. ആയുസ്സിനെ വിശ്വസിക്കാൻ പറ്റുകയില്ലല്ലോ. താങ്കൾ ദയവുചെയ്ത്, എത്രകാലാ വധി ബാക്കിയുണ്ടെന്ന് അറിയിക്കുക. കഴിവിനനു സരിച്ച്, അല്ലാഹുവിന്റെ തൗഫീഖിനനുസരിച്ച് കാലാവധിയ്ക്കുള്ളിൽ തന്നെ കടം വീട്ടാൻ ശ്രമിക്കു ന്നതാണ്. ഒന്നിച്ചുതരാൻ കഴിഞ്ഞില്ലെങ്കിൽ തന്നെ, ഗഡുക്കളായി കാലാവധിക്കുള്ളിൽ തിരിച്ചുതരാൻ ശ്രമിക്കുന്നതാണ്. പെട്ടെന്ന് മറുപടിതരുമെന്ന് പ്രതീക്ഷിക്കുന്നു. കടവും, ലോകത്തെ നാശങ്ങളിൽ കഠിനമായ ഒരു നാശമാണെന്ന ചിന്തയിലാണുഞാൻ. ഇതിൽ നിന്ന് മുക്തമാകുന്നതാണ് സന്തോഷം."

അല്ലാഹുതആല നമുക്കെല്ലാവർക്കും അവ ന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ എല്ലാ പ്രവൃത്തികളിലും അല്ലാഹുവും അവന്റെ റസൂൽ(സ)യും ഉപദേശിച്ച തനുസരിച്ച് ഉന്നതനില പ്രാപിക്കാൻ സൗഭാഗ്യം നൽകുമാറാകട്ടെ. കടം വാങ്ങുകയോ കൊടുക്കുക യോ ചെയ്യുമ്പോൾ ദൈവിക നിയമങ്ങൾ പാലിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. കടം തിരിച്ചുകൊടുക്കു ന്നതും തഖ്‌വയുടെ മാർഗ്ഗത്തിൽ ചരിച്ചുകൊണ്ടാ യിരിക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. തികച്ചും അത്യാവശ്യമുള്ളപ്പോൾ മാത്രം കടം വാങ്ങുന്ന വരായി തീരുമാറാകട്ടെ. പിന്നീട് ആ കടം തിരിച്ചട ക്കുന്നവരുമാക്കിതീർക്കട്ടെ. അല്ലാഹുവിന്റെ സന്നിധി യിൽ താണുകേണപേക്ഷിച്ച് അവന്റെ മോക്ഷം കരസ്ഥമാക്കി തീർക്കുമാറാകട്ടെ. ഈ കൊടുക്കൽ വാങ്ങൽ കാരണത്താൽ സമൂഹത്തിൽ വളരെ യധികം കലഹങ്ങളുണ്ടാകുന്നു. അല്ലാഹു എല്ലാവ രേയും ഇതിൽ നിന്ന് രക്ഷിക്കുമാറാകട്ടെ. അഹ്മദിയ്യാ ജമാഅത്തിന്റെ സാമൂഹിക ജീവിതം ഇതിൽ നിന്നെല്ലാം പരിശുദ്ധമാക്കി വെക്കുമാറാകട്ടെ. അല്ലാഹുവിന്റെ സന്നിധിയിൽ പ്രണമിക്കുമ്പോൾ നമ്മുടെ ചിന്തയും കടം വീട്ടുന്നതിലായിരിക്കണം. അങ്ങനെയാണെങ്കിൽ അല്ലാഹുതന്നെ അതിനുള്ള സാഹചര്യം ഒരുക്കിത്തരുന്നതാണ്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോട്, ഇരുപത്തയ്യായിരം രൂപ കടമുണ്ടെന്ന് ഒരാൾ പറ ഞ്ഞു.അവിടന്ന് പറഞ്ഞു: ഇതിന് മൂന്ന് ചികിത്സയാണുള്ളത് ഇസ്തിഗ്ഫാർചെയ്യുക. അനാവശ്യചെലവുകൾ ഉപേക്ഷിക്കുക. (നമ്മൾ വിലയിരുത്തുകയാണെങ്കിൽ ഇതെല്ലാം തന്നെയാണ് നമുക്കുള്ളതെന്ന് കാണാം) ഒരു പൈസയാണ് കിട്ടുന്നതെങ്കിലും അത് കടം തിരികെ കൊടുക്കാ നുള്ളവന് കൊടുത്തു വീട്ടുക. അതായത്, ഒന്നിച്ചു കിട്ടിയാൽ കൊടുക്കാം എന്നചിന്തവേണ്ട. എത്ര നിസ്സാരമായ തുകയാണ് കിട്ടുന്നതെങ്കിലും കടം വീട്ട ണമെന്ന വിചാരത്തോടെ അതുകൊടുത്തുകൊണ്ടേ യിരിക്കുക.

കടം വീട്ടാനുള്ളവർ ഈ കുറിപ്പടി കൂടി പരീക്ഷിച്ചുനോക്കുക. ഒരുപാടാളുകൾ ഇതു പരീക്ഷിച്ചുനോക്കിയിട്ടുള്ളതാണ്. അവർക്കിതു പ്രയോജനപ്പെ ട്ടിട്ടുണ്ട്. അല്ലാഹു തആല എല്ലാ അഹ്മദികളേയും കടത്തിന്റെ പ്രയാസങ്ങളിൽ നിന്ന് രക്ഷിക്കുമാറാകട്ടെ. അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിൽ നടത്തുമാറാകട്ടെ.

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 13- 08- 2004 at
Baithul Futuh, London

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**